**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3655** **09-10-2025 - ൽ മറുപടിയ്ക്ക്**

**തരിശുരഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തരിശുരഹിത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) | കേരളത്തെ തരിശ് രഹിതമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷി വകുപ്പും നിരവധിയായ ഇടപെടലുകൾ നടത്തിവരുന്നു. കൃഷി വകുപ്പിന്റെ പദ്ധതികളിൽപ്പെടുത്തി തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. കോവിഡ് കാലത്ത് ഹരിത കേരളം മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ച് കൊണ്ട് പരമാവധി തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കി. ഒരിക്കൽ ഒരു ഭൂമി തരിശ് രഹിതമായാൽ അത് പിന്നീട് തുടർച്ചയായി കൃഷി ചെയ്യുന്നുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും ഉറപ്പ് വരുത്തുന്നുണ്ട്. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പരിപാടിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾ തരിശ് ഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്തു. കുടുംബശ്രീ മിഷന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള JLGകളും വലിയ തോതിൽ തരിശ് സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന വിളകൾ തരിശു ഭൂമിയിൽ കൃഷി ചെയ്യുകയുണ്ടായി.<br><br>1) നെൽകൃഷി - 9086.1 ഹെക്ടർ<br><br>2) പച്ചക്കറി കൃഷി - 1440 ഹെക്ടർ<br><br>3)വാഴ, കിഴങ്ങു വർഗ്ഗവിളകൾ, ചെറുധാന്യം, പയർ വർഗ്ഗ വിളകൾ മുതലായവ - 4463.9 ഹെക്ടർ.<br><br>ഈ പദ്ധതിയിൻ കീഴിൽ ആകെ 24990 ഹെക്ടർ തരിശ്ഭൂമി കൃഷിയോഗ്യമാക്കി വിളവെടുത്തു. കൂടാതെ 'നവോഥൻ' പദ്ധതിയിൽ തരിശായി കിടന്നിരുന്ന മുഴുവൻ ഭൂമിയും ഘട്ടംഘട്ടമായി ഏറ്റെടുത്തു കൃഷിയോഗ്യമാക്കുവാനുള്ള നടപടികൾ കേരള |

| | | | |
|---|---|---|---|
| | | | അഗ്രോ ബിസിനസ്സ് കമ്പനിയുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. |
| (ബി) | തരിശുരഹിത പഞ്ചായത്താക്കി ഉയർത്തുന്നതിന് മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | ണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിലെ എളവള്ളി ഗ്രാമപഞ്ചായത്ത് തരിശുരഹിത പഞ്ചായത്താക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. തരിശുഭൂമികളിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറി തൈകൾ, കിഴങ്ങുവർഗ്ഗവിളകൾ എന്നിവ സൗജന്യമായി വിതരണം ചെയ്തു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പദ്ധതിയിൽ 6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ